"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ളോക്ക് 21ൽ റീസർവേ നം.146/2ൽ പെട്ട 15 സെന്റ് സർക്കാർ ഭൂമി പുറക്കാട് വില്ലേജിൽ അഖിൽ ഭവനിൽ അശോകൻ ഭാര്യ ശ്രീമതി ലത എന്നവരുടെ പേരിൽ പതിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

G.O.(Ms)No.181/2025/RD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. ശ്രീമതി ലത സമർപ്പിച്ച 28/11/2020-ലെ അപേക്ഷ.
2. ആലപ്പുഴ ജില്ലാ കളക്ടറുടെ 18/01/2023, 4/12/2024 തീയതികളിലെ യഥാക്രമം സി2/59736/2012, DCALP/6649/2023-C2 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14/03/2023, 06/01/2025 തീയതികളിലെ LR/12474/2022-LR(J4) നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ളോക്ക് 21ൽ റീസർവേ നം.146/2ൽ പെട്ട 06.08 ആർസ് സർക്കാർ ഭൂമിയിൽ വർഷങ്ങളായി താമസിച്ചു വരികയാണെന്നും ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഇല്ലാത്തതിനാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭിക്കാനുള്ള അവസരം നഷ്ടമായെന്നും ആയതിനാൽ ടി ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ടും പുറക്കാട് വില്ലേജിൽ അഖിൽ ഭവനിൽ അശോകൻ ഭാര്യ ശ്രീമതി ലത പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത ഭൂമി സർക്കാർ നിലമെന്ന് BTRൽ രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ നികത്ത് ഭൂമിയായി കാണപ്പെടുന്നതാണെന്നും, ശ്രീമതി ലതയും കുടുംബവും 35 വർഷത്തിലധികമായി പ്രസ്തുത ഭൂമിയിൽ തമസിച്ചുവരുന്നതാണെന്നും, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണെന്നും ആലപ്പുഴ ജില്ലാ കളക്ടറുടെ പരാമർശം (2)ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു. പരാമർശ ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ചുറ്റുമുള്ള ഭൂമി നെൽകൃഷി ചെയ്യുന്ന നിലമായും വെള്ളക്കെട്ട് നിലമായും കാണപ്പെടുന്നതായും വസ്തുവിൽ ധാരാളം വൃക്ഷദേഹണ്ഡങ്ങൾ ഉള്ളതായും ടി വസ്തു പതിച്ചു നൽകുന്നത് ചുറ്റുമുള്ള നെൽക്ൃഷിയെ ബാധിക്കില്ലെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പരാമർശ ഭൂമി, ടി ഭൂമിയിലെ താമസക്കാർക്ക് പതിച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് എതിർപ്പില്ല എന്ന് വ്യക്തമാക്കുന്ന പുറക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും ലാൻഡ് റവന്യൂ

കമ്മീഷണർ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകയും കുടുംബവും വീട് വച്ച് താമസിച്ചു വരുന്ന ഭൂമി 35 വർഷങ്ങൾക്കു മുൻപ് നികത്തിയതാണെന്നു ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2008 നു മുൻപ് നികത്തിയതായതിനാൽ പട്ടയം ലഭിച്ച ശേഷം ഫോം 5 അപേക്ഷ നൽകി ഡാറ്റാ ബാങ്കിൽ നിന്നും മാറ്റുന്നതിന് നിയമപ്രകാരം സാധിക്കും. ഇക്കാര്യങ്ങൾ പരിഗണിച്ചും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ളോക്ക് 21ൽ റീസർവേ നം.146/2ൽ പെട്ട 15 സെന്റ് സർക്കാർ ഭൂമി പുറക്കാട് വില്ലേജിൽ അഖിൽ ഭവനിൽ അശോകൻ ഭാര്യ ശ്രീമതി ലത എന്നവരുടെ പേരിൽ പതിച്ച് നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K BIJU I A S
SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
തഹസിൽദാർ, അമ്പലപ്പുഴ.
നിയമവകുപ്പ് (08.02.2024ലെ OPN-G2/8/2024-LAW പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Kumari Sindhu S
Date: 19-06-2025 11:51:20
സെക്ഷൻ ഓഫീസർ.

പകർപ്പ് :
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എക്ക്.